**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4558** **10-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സാമൂഹ്യ സുരക്ഷ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിലവിൽ നടത്തി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയിലും കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ഗുണഫലം ലഭിച്ചിട്ടുണ്ട്; | (ബി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ സർക്കാർ ആരംഭിച്ച ഏതെങ്കിലും നൂതന പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| ക്രമ നം. | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കാൻസർ സുരക്ഷാ പദ്ധതി | 3113 |
| 2 | ആശ്വാസകിരണം പദ്ധതി | 120301 |
| 3 | താലോലം പദ്ധതി | 6580 |
| 4 | സ്നേഹസ്പർശം പദ്ധതി | 1614 |
| 5 | എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ | 6173 |
| 6 | വയോമിത്രം പദ്ധതി | 278623 (ഒരു ഗുണഭോക്താവിന് മാസത്തിൽ 2 മുതൽ 3 തവണ വരെ സേവനം ലഭ്യമാക്കുന്നു). |
| 7 | ശ്രുതിതരംഗം പദ്ധതി | 572 |
| 8 | സ്നേഹപൂർവ്വം പദ്ധതി | 187348 |
| 9 | സമാശ്വാസം പദ്ധതി | 8314 |
| 10 | വീകെയർ പദ്ധതി | |
| 11 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ളസാമൂഹ്യസഹായ പദ്ധതി (മിഠായി) | 930 |
| 12 | റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ | 10781 |
| 13 | മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ | 2000 |
| 14 | യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് | 7,33,273 നവജാത ശിശുക്കളിൽ കേൾവി പരിശോധന നടത്തുകയും 72,813 കുഞ്ഞുങ്ങളെ വിദഗ്ധ ചികിത്സക്കായി റഫർ ചെയ്യുകയും ചെയ്തു. |
| 15 | BERA സംവിധാനം | 1500 |
| 16 | സ്പെഷ്യൽ അങ്കണവാടികൾ കോഴിക്കോട് ജില്ല | 1110 പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഈ അംഗൻവാടികൾ വഴി പരിശീലനം നൽകുകയും 374 കുട്ടികളെ സാധാരണ സ്കൂളിൽ ചേർക്കുകയും ചെയ്തു. |
| 17 | അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ് (UDID Card - ദേശീയ പരിപാടി) | 143663 |
| 18 | ഓട്ടിസം സെന്ററുകൾ | 2063 |
| 19 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിക്കുന്നതിലുള്ള പദ്ധതി | 120 |
| 20 | പേരന്റൽ എംപവർമെന്റ് പ്രോഗ്രാം | മലപ്പുറം ജില്ലയിലെ 83 വിദഗ്ധർക്കും 312 കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കും 1907 രക്ഷിതാക്കൾക്കും പരിശീലനം നൽകി |

# <u>അനുബന്ധം I</u>

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

**<u>1. ക്യാൻസർ സുരക്ഷ:</u>** 2008 നവംബർ 1 -നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.

**<u>2. താലോലം :</u>**2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതരരോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.

**<u>3. ആശ്വാസകിരണം :</u>**2010 ലാണ് പദ്ധതി ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായവിധം കിടപ്പിലായരോഗികളെയും മാനസികശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.

**<u>4. സ്നേഹസ്പർശം :</u>** 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ടി പദ്ധതി പ്രകാരം 2000/- രൂപ ധനസഹായം അനുവദിച്ചു വരുന്നു

**<u>5. എൻഡോസൾഫാൻ ദുരിതബാധിതർക്ക്വേണ്ടിയുള്ള പദ്ധതികൾ:</u>**

(എ) സ്നേഹസാന്ത്വനം പദ്ധതി പ്രകാരം വിവിധ തലങ്ങളിലുള്ള രോഗികൾക്ക് 1200/-, 1700/-, 2200/- എന്നീ നിരക്കിൽ നിലവിൽ 5423 പേർക്കാണ് സഹായം നൽകി വരുന്നത്

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിതകുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകിവരുന്നു.

**6. വയോമിത്രം :**

നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതി. 42 നഗര പ്രദേശത്ത് നടപ്പാക്കിവന്നിരുന്ന ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തും 3 ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ട് ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

**7. ശ്രുതിതരംഗം :**

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽതന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററിവെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതി. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

**ധ്വനി :** ക്ലോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്ന പദ്ധതി

**8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :**

സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി

**9. സ്നേഹപൂർവ്വം :**

മാതാപിതാക്കൾ ഇരുവരുമോ ആരെങ്കിലും ഒരാളോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ തലങ്ങളിലായി പ്രതിവർഷം 3000/- 5000/-, 7500/-, 10000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

**10. സമാശ്വാസം :**

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി ടി പദ്ധതി പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക,

കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷംരൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾരോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകിവരുന്നു.

**11. വി-കെയർ**:

കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമമാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായരോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ്എല്ല്/മുട്ട്മാറ്റിവയ്ക്കൽസർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകിവരുന്നു.

**12. രക്ത സംബന്ധവും നാഡീസംബന്ധവുമായ രോഗത്താൽ ഉണ്ടാകുന്ന വൈകല്യം നിയന്ത്രിക്കുന്നതിനും മുൻകൂട്ടി രോഗം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പരിപാടികൾ**

കേന്ദ്രനാഡീ വ്യവസ്ഥയെ ബാധിക്കുന്നതും നട്ടെല്ലിനും ഞരമ്പുകൾക്കും ക്ഷതം സംഭവിച്ച് ക്രമേണ വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗമായ Multiple Sclerosis ബാധിച്ചവർക്കായുള്ള ചികിത്സാ പദ്ധതി. ഗെയ്റ്റ്, മോഷൻ അനാലിസിസ് എന്നിവ ഉൾപ്പെടെ ദീർഘകാല നാഡീവ്യൂഹ രോഗികളുടെ അവസ്ഥയും സേവനങ്ങളുടെ വിലയിരുത്തലിനും മാനേജ്മെന്റിനുമായുള്ള സ്റ്റേറ്റ് രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**13. മിഠായി**

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് 'മിഠായി'. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്ന പദ്ധതി. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടു ണ്ട്

**14. 'അനുയാത്ര'-**

ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും വേണ്ടി ആരംഭിച്ച പദ്ധതി.

ഭിന്നശേഷി പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള **'ജീവിത ചക്ര സമീപനമാണ്'** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്.

അനുയാത്രയുടെ ഭാഗമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ -** മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചു ക്കൊണ്ട് ഭിന്നശേഷിക്കാർക്ക് ആവശ്യമായ സേവനങ്ങളും തെറാപ്പികളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.
2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ-** വൈകല്യങ്ങൾ എത്രയും നേരത്തെ ക ണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സംവിധാനങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ 14 ജില്ലകളിലും ആരംഭിക്കുന്ന പദ്ധതി.
3. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ** -അംഗപരിമിതർക്ക്, പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികളും പരിശീലനവും ആവശ്യമായതിനാൽ ഇത്തരക്കാർ താമസിക്കുന്ന പ്രദേശത്തിന് സമീപം ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതി.
4. **കാതോരം** - കേൾവി വൈകല്യം എത്രയും നേരത്തെ ക ണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതി. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് കാതോരം പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്.
    - **യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്** – ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. സംസ്ഥാനത്തെ പ്രസവം നടക്കുന്ന 62 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനുള്ള സൗകര്യം ഏക്തപ്പെടുത്തിയിട്ടുണ്ട്
    - BERA സംവിധാനം – കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനം.
    - ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ – കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്കും, കോക്ലിയർ ഇംപ്ലാന്റ് സർജറി കഴിഞ്ഞവർക്ക് സംസാര ഭാഷാ കഴിവുകൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങൾ
5. **ഹെൽപ്പ് ഡെസ്ക്** – ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇവർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ നൽകുന്നതിനും വേ ണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്

6. **സ്പെഷ്യൽ അങ്കണവാടികൾ കോഴിക്കോട് ജില്ല** – പ്രീസ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ, താമസം തുടങ്ങിയവ ക ണ്ടെത്തി അനുയോജ്യമായ പരിചരണങ്ങളും പരിശീലനങ്ങളും നൽകുന്നതിനും, ഇതിലൂടെ അവരുടെ കഴിവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും പരമാവധി പേരെ സാധാരണ സ്കൂളിൽ അയക്കുന്നതിനും വേണ്ട ഇടപെടലുകൾ നടത്തുന്നതിനുമായി കോഴിക്കോട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി.

7. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)** - ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പരിചരണവും തെറാപ്പിയും ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു.

8. **അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ് (UDID Card - ദേശീയ പരിപാടി)** - സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

9. **സ്പെക്ട്രം** - കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം എന്നിവ നല്കുന്നു

**സ്പെക്ട്രം (SPECTRUM)** പദ്ധതിയുടെ ഭാഗമായി ഓട്ടിസം സെന്ററുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ, പേരന്റൽ എംപവർമെന്റ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു.

10. **SID - എം പവർ ഇൻകുബേറ്റർ-** അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദി.

11. **ഫാമിലി ഷോർട്ട് സ്റ്റേ ഹോം-** മാനസിക രോഗം ബാധിച്ചവരുടെ പുനരധി വാസ പദ്ധതി .

12. **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലി റ്റേഷനിൽ പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.**

13. **ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി.

14. **വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി.**

സംസ്ഥാനത്തു ണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപക രണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പ ദ്ധതി.

15. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങി യവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി

ആങ്കലോസിംഗ് സ്പോൺടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമു ണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധി ക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗി കൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി.

# അനുബന്ധം III

1.**'അനുയാത്ര'** പദ്ധതി - ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും വേണ്ടി ആരംഭിച്ച പദ്ധതി. ഭിന്നശേഷി പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള **"ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്.

അനുയാത്രയുടെ ഭാഗമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ –** മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഭിന്നശേഷിക്കാർക്ക് അവശ്യമായ സേവനങ്ങളും തെറാപ്പികളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.
2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ–** വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സംവിധാനങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ 14 ജില്ലകളിലും ആരംഭിക്കുന്ന പദ്ധതി.
3. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ** –അംഗപരിമിതർക്ക്, പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികളും പരിശീലനവും ആവശ്യമായതിനാൽ ഇത്തരക്കാർ താമസിക്കുന്ന പ്രദേശത്തിന് സമീപം ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതി.
4. **കാതോരം** - കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതി. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് കാതോരം പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്.
   - **യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്** – ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. സംസ്ഥാനത്തെ പ്രസവം നടക്കുന്ന 62 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്
   - BERA സംവിധാനം – കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനം.
   - ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ – കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്കും, കോക്ലിയർ ഇംപ്ലാന്റ് സർജറി കഴിഞ്ഞവർക്ക് സംസാര ഭാഷാ കഴിവുകൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങൾ
5. **ഹെൽപ്പ് ഡെസ്ക്** – ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇവർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധി

ച്ചിട്ടുള്ള വിവരങ്ങൾ നൽകുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടു ണ്ട്

6. **സ്പെഷ്യൽ അങ്കണവാടികൾ കോഴിക്കോട് ജില്ല** – പ്രീസ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങളും പരിശീലനങ്ങളും നൽകുന്നതിനും, ഇതിലൂടെ അവരുടെ കഴിവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും പരമാവധി പേരെ സാധാരണ സ്കൂളിൽ അയക്കുന്നതിനും വേ ണ്ട ഇടപെടലുകൾ നടത്തുന്നതിനുമായി കോഴിക്കോട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി.

7. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)** - ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പരിചരണവും തെറാപ്പിയും ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു.

8. **അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ് (UDID Card - ദേശീയ പരിപാടി)** - സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

9. **സ്പെക്ട്രം പദ്ധതി -** കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം, എന്നിവ നല്കുന്നു

**സ്പെക്ട്രം (SPECTRUM)** പദ്ധതിയുടെ ഭാഗമായി ഓട്ടിസം സെന്ററുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ, പേരന്റൽ എംപവർമെന്റ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു.

10. **SID - എം പവർ ഇൻകുബേറ്റർ-** അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദി.

11. **ഫാമിലി ഷോർട്ട് സ്റ്റേ ഹോം-** മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസ പദ്ധതി.

12. **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്തെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിക്കുന്നതിലുള്ള പദ്ധതി.**

13. **ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി.

14. **വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി**

സംസ്ഥാനത്തു ണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

15. **ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോ ണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമു ണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി.

16. **<u>ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)</u>**

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ Type 1 Diabetic ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പദ്ധതി സേവനം ലഭ്യമാകുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചി ട്ടുണ്ട് ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെന്ററുകളിൽ ഒരു എംഎസ്സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയി ട്ടുണ്ട് നിലവിൽ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ സാറ്റലൈറ്റ് സെന്ററുകൾ വഴി സേവനം ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 930 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ച് വരുന്നു.